# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.08.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. എൺപതാമത് സ്വാതന്ത്ര്യ ദിനത്തിന് മുന്നോടിയായി രാജ്യത്തെ അഭിസംബോധന ചെയ്ത് രാഷ്ട്രപതി.

   **Indian Economy is moving ahead as the fastest growing major economy says President Droupadi Murmu; President addresses nation on eve of 80th Independence Day.**

2. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ നാളെ രാവിലെ നടക്കുന്ന സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തി രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. സംസ്ഥാനത്തും വിപുലമായ പരിപാടികൾ.

   **PM Modi to hoist National Flag and address nation from Red Fort on Independence Day tomorrow; extensive events and programmes organized across the state.**

3. പ്രതിരോധ മേഖലയിൽ സ്വാശ്രയത്വത്തിന് കേന്ദ്ര സർക്കാർ പ്രഥമ പരിഗണന നൽകുന്നതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്.

**Defence Minister Rajnath Singh asserts Government's top priority is self-reliance in defence sector.**

4. 2027-ലെ സെൻസസിനായുള്ള കുടുംബ വിവര ശേഖരണ പട്ടികയുടെ ചോദ്യാവലി പുറത്തിറക്കി കേന്ദ്ര സർക്കാർ.

**Govt notifies questionnaire for household schedule of Census 2027.**

5. കൊളംബിയയിലെ ഭൂകമ്പബാധിതർക്കായി 20 മെട്രിക് ടൺ ദുരിതാശ്വാസ സാമഗ്രികൾ കൈമാറി ഇന്ത്യ.

**India hands over 20 metric tonnes of relief material to earthquake-hit Colombia.**

6. കേരളത്തിൽ വിവിധ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള 8 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

**IMD predicts heavy rainfall across Kerala; yellow alert issued for 8 districts from Thiruvananthapuram to Thrissur today.**

## PREZ- ADDRESS (INTRO)

ലോകത്തിന്റെ പല ഭാഗങ്ങളിലും യുദ്ധങ്ങളും അസ്ഥിരതയും നിലനിൽക്കുന്നുണ്ടെങ്കിലും, ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ മുന്നേറുകയാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. എൺപതാമത് സ്വാതന്ത്ര്യ ദിനത്തിന് മുന്നോടിയായി രാഷ്ട്രത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. 'ആത്മനിർഭർ ഭാരത് അഭിയാൻ' രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയുടെയും ദേശീയ സുരക്ഷയുടെയും അടിത്തറയെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും അവർ പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

2047-ഓടെ വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനുള്ള യാത്രയിലാണ് ഇന്ത്യയെന്നും വികസനത്തിന്റെ ഫലങ്ങൾ ഓരോ വ്യക്തിയിലേക്കും എത്തിക്കുക എന്നത് രാജ്യത്തിന്റെ ദൃഢനിശ്ചയമാണെന്നും അവർ കൂട്ടിച്ചേർത്തു. പദവിയിലും അവസരത്തിലുമുള്ള സമത്വവും അന്തസ്സും ഭരണഘടനയുടെ ഏറ്റവും വിലയേറിയ ആദർശങ്ങളിൽ പെട്ടവയാണെന്നും രാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

വിദ്യാർത്ഥികളാണ് ഇന്ത്യയുടെ ഭാവി രൂപകൽപ്പന ചെയ്യുന്നതെന്നും അവരുടെ ഭാവി സുരക്ഷിതമാക്കാൻ എല്ലാവരും സംഭാവന നൽകണമെന്നും രാഷ്ട്രപതി പ്രസ്താവിച്ചു.

## INDEPENDENCE DAY (INTRO)

എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ നാളെ രാവിലെ നടക്കുന്ന സ്വാതന്ത്ര്യ ദിനാഘോഷപരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നേതൃത്വം നൽകും.

വിശദാംശങ്ങളിലേക്ക്......

(ഹോൾഡ് വോയ്സ്.....)

## INDEPENDENCE (VOICE)

ദേശീയപതാക ഉയർത്തിയശേഷം പ്രധാനമന്ത്രി രാജ്യത്തെ അഭിസംബോധന ചെയ്യും. യുവശക്തിക്കും, ദേശീയഗീതമായ വന്ദേമാതരത്തിനുമാണ് സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ ഇത്തവണ പ്രാധാന്യം നൽകുന്നത്. ചുവപ്പ്കോട്ടയിൽ ഇക്കുറി ആദ്യമായി വന്ദേമാതരം ആലപിക്കുന്നതിന് പുറമേ വന്ദേമാതരത്തിൻറെ മാതൃകയിൽ പുഷ്പാലങ്കാരവും ഒരുക്കും. സ്വാതന്ത്ര്യ

ദിനാഘോഷങ്ങളോടനുബന്ധിച്ച് രാജ്യമെമ്പാടും ശക്തമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഹർഘർ തിരംഗയുടെ ഭാഗമായ തിരംഗയാത്രകളും രാജ്യത്ത് പുരോഗമിക്കുകയാണ്.

ന്യൂസ് ഡെസ്ക് ആകാശവാണി............

## PM VISHWAKARMA-SPECIAL GUEST

ചുവപ്പുകോട്ടയിൽ നാളെ നടക്കുന്ന 80-ാമത് സ്വാതന്ത്ര്യദിന ആഘോഷ ചടങ്ങുകൾക്ക് സാക്ഷ്യം വഹിക്കാൻ, 'പിഎം വിശ്വകർമ്മ' പദ്ധതിയുടെ 100 ഗുണഭോക്താക്കളെ കേന്ദ്ര സർക്കാർ 'പ്രത്യേക അതിഥികളായി' ക്ഷണിച്ചു. സമൂഹത്തിൻറെ നാനാതുറകളിൽ നിന്നുള്ള അയ്യായിരം പ്രത്യേക അതിഥികളെയാണ് ചടങ്ങിനായി ക്ഷണിച്ചിരിക്കുന്നത്. കരകൗശല വിദഗ്ധർക്കു പുറമേ, പിഎം ഇൻറേൺഷിപ്പ് പദ്ധതിയുടെ ഭാഗമായ യുവജനങ്ങൾ, മുദ്ര യോജനയുടെ ഗുണഭോക്താക്കളായ വനിത സംരംഭകർ, ശാസ്ത്രജ്ഞർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ തുടങ്ങിയവർക്ക് ക്ഷണമുണ്ട്. സ്വാതന്ത്ര്യദിന ആഘോഷങ്ങളോടനുബന്ധിച്ച് നാളെ പുലർച്ചെ 4 മണി മുതൽ ഡൽഹി മെട്രോയുടെ എല്ലാ ടെർമിനൽ സ്റ്റേഷനുകളിൽ നിന്നും സർവീസുകൾ ഉണ്ടായിരിക്കും.

## PREZ- GALLANTRY AWARDS

രാഷ്ട്രപതിയുടെ സൈനിക അവാർഡുകൾ പ്രഖ്യാപിച്ചു. പ്രതിരോധ സേനകളിലെയും കേന്ദ്ര സായുധ പോലീസ് സേനകളിലെയും 78 ഉദ്യോഗസ്ഥർക്കാണ് പുരസ്കാരം. ഇതിൽ 13 പുരസ്കാരങ്ങൾ മരണാനന്തരമായാണ് നൽകിയിരിക്കുന്നത് . ലെഫ്റ്റനന്റ് കേണൽ മാനിയോ ഫ്രാൻസിസ് പി.എഫ്, മേജർ ജിതേന്ദ്ര

രാതേ എന്നിവർ കീർത്തി ചക്രയ്ക്ക് അർഹരായപ്പോൾ ഹവിൽദാർ ഗജേന്ദ്ര സിംഗ്, ഹെഡ് കോൺസ്റ്റബിൾ ജഗ്ബീർ സിംഗ്, ബഷീർ അഹമ്മദ്, എസ്.ജി കോൺസ്റ്റബിൾ ജസ്വന്ത് സിംഗ്, ബൽവീന്ദർ സിംഗ്, താരിഖ് ഹുസൈൻ, എസ്ടിഎഫ് ഇൻസ്പെക്ടർ സുനിൽ കുമാർ എന്നിവർക്ക് മരണാനന്തരമായി

കീർത്തി ചക്ര സമ്മാനിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## POLICE SERVICE MEDALS

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ സർവീസ് മെഡലുകൾ പ്രഖ്യാപിച്ചു. പോലീസ്, അഗ്നിരക്ഷ സേന, ജയിൽ വകുപ്പ് തുടങ്ങിയവയിൽ നിന്നായി 1,057 പേർ പുരസ്കാരത്തിന് അർഹരായി. ധീരതയ്ക്കുള്ള മെഡലുകൾ 301 പേർക്കും , വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ മെഡൽ 92 പേർക്കും, സ്തുത്യർഹ സേവനത്തിനുള്ള മെഡലുകൾ 664 പേർക്കുമാണ് ലഭിച്ചത്. കേരളത്തിൽ നിന്നും എസ്സ്. പി. ശശിധരന് വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡൽ ലഭിച്ചു. സ്തുത്യർഹ സേവനത്തിനുള്ള മെഡലുകൾ സംസ്ഥാനത്ത്, പോലീസ് സേനയിൽ നിന്നും ആറ് പേർക്കും, അഗ്നിരക്ഷ സേനയിൽ നിന്നും രണ്ട് ഉദ്യോഗസ്ഥർക്കും, ജയിൽ വകുപ്പിൽ നിന്നും രണ്ട് പേർക്കുമാണ് ലഭിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## RAJNATH SINGH (INTRO)

പ്രതിരോധ മേഖലയിൽ സ്വാശ്രയത്വത്തിന് കേന്ദ്ര സർക്കാർ പ്രഥമ പരിഗണനയാണ് നൽകുന്നതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്. സ്വാതന്ത്ര്യ ദിനത്തിന് മുന്നോടിയായി സൈനികരെ

അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സുരക്ഷാ മേഖലയിലെ ആവശ്യങ്ങൾ സ്വയം നിറവേറ്റുന്ന രാഷ്ട്രമായി ഇന്ത്യ മാറിയതായും ആഗോള പ്രതിരോധ രംഗത്തെ കയറ്റുമതി രാഷ്ട്രമായി ഉയർന്നുവന്നതായും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്........)

❁❁❁❁❁❁❁❁❁❁❁❁❁

## STATE INDEPENDENCE DAY

കേരളത്തിലും വിപുലമായ ആഘോഷ പരിപാടികളാണ് നാളെ നടക്കുന്നത്. തലസ്ഥാന നഗരിയിലും, ജില്ലാ ആസ്ഥാനങ്ങളിലും നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ മുഖ്യമന്ത്രിയും മന്ത്രിമാരും ഉൾപ്പെടെ പങ്കെടുക്കും. സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി നാളെ രാവിലെ 9:00 മണിക്ക് നിയമസഭാ സമുച്ചയത്തിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ദേശീയ പതാക ഉയർത്തും.

❁❁❁❁❁❁❁❁❁❁❁❁❁

## INDEPENDENCE DAY WISHES

80-ാമത് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ജനങ്ങൾക്ക് ആശംസകൾ നേർന്ന് ഗവർണറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെടെ പ്രമുഖർ. സ്വാതന്ത്ര്യവും സമത്വവും ഐക്യവും കാത്തുസൂക്ഷിക്കേണ്ടതിൻറെ പ്രധാന്യത്തെക്കുറിച്ച് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ആശംസ സന്ദേശത്തിൽ ഓർമപ്പെടുത്തി. ജനാധിപത്യവും രാജ്യത്തിന്റെ മതേതര മൂല്യങ്ങളും സംരക്ഷിക്കേണ്ടതിൻറെ ഉത്തരവാദിത്തത്തെക്കുറിച്ച് മുഖ്യമന്ത്രി വി ഡി സതീശൻ സ്വാതന്ത്ര്യദിന സന്ദേശത്തിൽ പറഞ്ഞു. മാനവികതയും സാഹോദര്യവും നിറഞ്ഞ ഇന്ത്യയെ കെട്ടിപ്പടുക്കാൻ നാം ഒരുമിച്ച് നിന്ന് പ്രവർത്തിക്കണമെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ആശംസിച്ചു.

## VP - TAMIL NADU

രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ മറ്റന്നാൾ തമിഴ്നാട്ടിൽ എത്തും.

ചെന്നൈ, ചെങ്കൽപട്ട്, തിരുവാരൂർ, തഞ്ചാവൂർ എന്നിവിടങ്ങളിൽ വിവിധ പരിപാടികളിൽ ഉപരാഷ്ട്രപതി സംബന്ധിക്കും.

## HOME AFFAIRS - CENSUS

2027-ലെ സെൻസസിനായുള്ള കുടുംബ വിവര ശേഖരണ പട്ടികയുടെ ചോദ്യാവലി, കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലെ രജിസ്ട്രാർ ജനറൽ ഓഫീസ് ഔദ്യോഗികമായി പ്രസിദ്ധീകരിച്ചു. ആകെ 40 ചോദ്യങ്ങളാണ് പട്ടികയിലുള്ളത്. മാതാപിതാക്കളുടെ വിവരങ്ങൾ, ആധാർ, മൊബൈൽ നമ്പർ, ആകെ ബാങ്ക് അക്കൗണ്ടുകളുടെ എണ്ണം, മതം, ജാതി എന്നിവ ചോദ്യാവലിയിൽ ഉൾപ്പെടുന്നു.

## INDIA- COLOMBIA SUPPORT

ഭൂകമ്പത്തിൽ ദുരിതമനുഭവിക്കുന്ന കൊളംബിയക്ക് 20 മെട്രിക് ടൺ ദുരിതാശ്വാസ സമഗ്രഹികൾ കൈമാറി ഇന്ത്യ. മരുന്നുകൾ, വൈദ്യസഹായ ഉപകരണങ്ങൾ, താൽക്കാലിക പാർപ്പിട സൗകര്യങ്ങൾ എന്നിവയാണ് ആദ്യ ഘട്ട സഹായമായി നൽകിയത്. അതീവ ദുഷ്കരമായ സാഹചര്യത്തിൽ കൊളംബിയയിലെ ജനങ്ങൾക്കൊപ്പം ഇന്ത്യ നിലകൊള്ളുന്നുവെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു.

## HORMUZ-UAE-VESSELS ATTACKED

ഹോർമുസ് കടലിടുക്കിൽ യു.എ.ഇയുടെ രണ്ട് വാണിജ്യ കപ്പലുകൾക്ക് നേരെ ഇറാൻ ആക്രമണം നടത്തിയതായി യു.എ.ഇ. ഇത് യു.എൻ സുരക്ഷാ കൗൺസിൽ പ്രമേയത്തിന്റെ ലംഘനമാണെന്നും ആഗോള ഊർജ സുരക്ഷയ്ക്ക് ഭീഷണിയാണെന്നും യു.എ.ഇ വിദേശകാര്യ മന്ത്രാലയം കുറ്റപ്പെടുത്തി. സ്വതന്ത്രമായ കപ്പൽ ഗതാഗത മേഖലയെ അസ്ഥിരപ്പെടുത്താനുള്ള ഇറാന്റെ നടപടിയായി ഇതിനെ കാണുന്നതായും യു.എ.ഇ വ്യക്തമാക്കി.

## RAIN KERALA

കേരളത്തിൽ വിവിധ ജില്ലകളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള 8 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

## CRICKET

ഇന്ത്യ-ശ്രീലങ്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം നാളെ ശ്രീലങ്ക ഗാലെ ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ ആരംഭിക്കും. രണ്ട് മത്സരങ്ങളുള്ള പരമ്പരയിലെ രണ്ടാം ടെസ്റ്റ് ഈ മാസം 23നു കൊളംബോയിൽ നടക്കും.

## WPI-JULY

രാജ്യത്തെ മൊത്തവില പണപ്പെരുപ്പത്തിന് നേരിയ ഇടിവ്. ജൂണിൽ 9.87 ശതമായിരുന്ന പണപ്പെരുപ്പം ജൂലൈയിൽ 9.78 ശതമാനമായി കുറഞ്ഞു. അതേസമയം, ഭക്ഷ്യവസ്തുക്കളും ഭക്ഷ്യ ഉൽപ്പന്നങ്ങളുടെയും മൊത്ത വില പണപ്പെരുപ്പം 6.14 ശതമാനത്തിൽ

നിന്ന് 6.65 ശതമാനമായി ഉയർന്നു. പ്രാഥമിക വസ്തുക്കളുടെ പണപ്പെരുപ്പം 8.5 ശതമാനമായി ഉയർന്നു. നിർമ്മാണ ഉത്പന്നങ്ങളുടെ പണപ്പെരുപ്പം 8.3 ശതമാനമായി ഉയർന്നപ്പോൾ ഇന്ധന- വൈദ്യുതി മേഖലയിലെ പണപ്പെരുപ്പം 27.4 ശതമാനത്തിൽ നിന്ന് 20 ശതമാനമായി കുറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## RAJNATH SINGH-DEFENCE CWG

കോമൺവെൽത്ത് ഗെയിംസിൽ 8 സ്വർണ്ണവും 7 വെള്ളിയും ഒരു വെങ്കലവുമടക്കം 16 മെഡലുകൾ നേടിയ സൈനിക സംഘവുമായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് സംവദിച്ചു. സമ്മർദ്ദങ്ങളെ അതിജീവിച്ച് അഭിമാന നേട്ടംകൈവരിച്ച ഇന്ത്യൻ പ്രതിരോധ സേനയുടെ ഇച്ഛാശക്തിയെയും ദൃഢനിശ്ചയത്തെയും രാജ്യരക്ഷാ മന്ത്രി അഭിനന്ദിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸☸☸☸
☸☸